بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 18.08.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## അർഹതപ്പെട്ടവരെ ഭാരവാഹികളായി തിരഞ്ഞെടുക്കുക.

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ
نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: അമാനത്തുകൾ അതിന്റെ അർഹരായവരെ ഏൽപ്പിക്കാൻ അല്ലാഹു കൽപ്പിക്കുന്നു. ഒരു ഹദീസിൽ, തിരുനബി(സ) പറഞ്ഞു: ആളുകളുടെ കാര്യങ്ങൾ നോക്കാനുള്ള അധികാരം നൽകുന്ന ഒരു സ്ഥാനമോ ഭാരവാഹിത്തമോ ഒരു അമാനത്ത് ആകുന്നു. അതിനാൽ ഈ അർത്ഥത്തിൽ, നമ്മുടെ ജമാഅത്ത് സംവിധാനത്തിലെ എല്ലാ ഭാരവാഹിത്തങ്ങളും സേവനങ്ങളും അമാനത്ത് ആകുന്നു.

ജമാഅത്ത് സംവിധാനത്തിൽ എല്ലാ തലങ്ങളിലും ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു. അതിനാൽ, നിങ്ങൾ ഈ ആവശ്യത്തിനായി തിരഞ്ഞെടുക്കുമ്പോഴെല്ലാം, തിരഞ്ഞെടുക്കപ്പെടുന്ന ആളുകൾ അമാനത്തിന്റെ കടമ നിർവഹിക്കാൻ സാധിക്കുന്നവരായിരിക്കണമെന്ന കാര്യം ഓർമ്മിക്കുക.

തിരഞ്ഞെടുക്കുമ്പോൾ ബന്ധങ്ങളൊന്നും പരിഗണിക്കരുത്. ചിലപ്പോൾ ചില ഉദ്യോഗസ്ഥരെ കേന്ദ്രീകൃതമായോ ഖിലാഫത്ത് മുഖേനയോ (നേരിട്ട്) നിയമിക്കാറുണ്ട്. നല്ലപോലെ ചിന്തിച്ച് ഏറ്റവും നല്ല ആളെ നിയമിക്കാനാണ് ശ്രമിക്കാറുള്ളത്. എന്നാൽ ചിലപ്പോഴൊക്കെ അനുമാനത്തിൽ പിഴവു സംഭവിക്കാവുന്നതുമാണ്. അല്ലെങ്കിൽ സ്ഥാനമാനങ്ങൾ ലഭിച്ചതിനുശേഷം ആളുകളുടെ അവസ്ഥയും മാറുന്നു, വിനയത്തിന്റെയും കഠിനാധ്വാനത്തിന്റെയും മനോഭാവം നിലനിൽക്കുന്നില്ല. എന്നിരുന്നാലും, നമ്മിൽ നിന്ന് ഏറ്റവും മികച്ച (അർഹരായ) ആളെ ദുആ ചെയ്തുകൊണ്ട് തിരഞ്ഞെടുക്കാൻ നാം ശ്രമിക്കേണ്ടതാണ്. തനിക്ക് സ്ഥാനം ലഭിക്കണമെന്നു കരുതി മുന്നോട്ട് വരുന്ന വ്യക്തിയെ സേവനത്തിനായി ഏൽപ്പിക്കാതിരിക്കുന്നതിനാണ് പൊതുവെ ശ്രമിക്കാറുള്ളത്. അത്തരത്തിലുള്ള ഒരാളുടെ പേര് തിരഞ്ഞെടുത്ത് വന്നാലും, അയാളുടെ സാഹചര്യങ്ങളെക്കുറിച്ച് കേന്ദ്രത്തിനോ ഖലീഫയ്ക്കോ ബോധ്യമുണ്ടെങ്കിൽ അതിന് അംഗീകാരം നൽകുകയില്ല. ഈ രീതി തിരുനബി(സ)യുടെ നിർദേശങ്ങൾക്കനുസൃതമാണ്. ഒരിക്കൽ രണ്ടുപേർ നബി(സ)യുടെ അടുക്കൽ വന്നു പറഞ്ഞു: ഇന്ന സേവനം ഞങ്ങളെ ഏൽപ്പിക്കണം ഞങ്ങൾ അതിന് പ്രാപ്തരാണ്. തിരുനബി(സ) പറഞ്ഞു: ഞാൻ ആരെയെങ്കിലും ഒരു സേവനത്തിനായി ഏൽപ്പിച്ചാൽ അല്ലാഹു അയാളെ സഹായിക്കുന്നതാണ്. എന്നാൽ എന്തെങ്കിലും ചെയ്യാൻ ആഗ്രഹിച്ചുകൊണ്ട് അത് സ്വയം ഏറ്റെടുക്കുകയാണെങ്കിൽ, അല്ലാഹു അവനെ സഹായിക്കുകയില്ല. അവന്റെ പ്രവൃത്തി അനുഗ്രഹീതവുമല്ല. അതിനാൽ ഒരാൾ ഒരിക്കലും ഭാരവാഹിത്തം മോഹിക്കരുത്. നിങ്ങൾ മതത്തെ സേവിക്കുന്നതിൽ താൽപ്പര്യം കാണിക്കണം; അത് ഏത് രീതിയിൽ ആയാലും.

ഹുസൂർ അൻവർ പറഞ്ഞു: ഈ വർഷം ചില രാജ്യങ്ങളിൽ ശാഖാസംഘടനകളുടെ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുകയാണ്. തിരഞ്ഞെടുപ്പിൽ അംഗങ്ങളാകുന്ന ഈ ശാഖാസംഘടനകളിലെ അംഗങ്ങൾ അല്ലാഹുവിന്റെ കൽപ്പന അനുസരിച്ച് നീതിയോടും പ്രാർഥനയോടും കൂടി തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കണം.

ഇതോടൊപ്പം, ഉദ്യോഗസ്ഥരെ അവരുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കാനും ഞാൻ ആഗ്രഹിക്കുകയാണ്. സേവനം ചെയ്യാനുള്ള അവസരമാണ് അല്ലാഹു നൽകിയിട്ടുള്ളത് എന്ന് ഭാരവാഹികൾ എപ്പോഴും ഓർമിക്കേണ്ടതാണ്. അതിനാൽ എല്ലാ വ്യക്തിഗത താൽപ്പര്യങ്ങൾക്കും ഉപരിയായി നിങ്ങൾ സേവനം ചെയ്യുക. ചില ഭാരവാഹികളുടെ പെരുമാറ്റത്തിൽ വിനയമില്ലെന്ന് പരാതി വന്നിട്ടുണ്ട്. സലാം പറഞ്ഞാൽ പോലും ചില ഭാരവാഹികൾ പ്രതികരിക്കാത്തതായി റിപ്പോർട്ട് വന്നിട്ടുണ്ട്. അത്തരം പെരുമാറ്റം പ്രകടിപ്പിക്കുന്നവർ സ്വയം തിരുത്തേണ്ടതാണ്. ഒപ്പം ഓരോ കുട്ടിയോടും പ്രായമുള്ളവരോടും സ്നേഹത്തോടെയും വിനയത്തോടെയും പെരുമാറേണ്ടതാണ്.

നിങ്ങളെ നിയമിച്ചത് ജനങ്ങളെ സേവിക്കാനാണ് അല്ലാതെ ഓഫീസറെന്ന പ്രതാപം പ്രകടിപ്പിക്കാനല്ല. തങ്ങളുടെ ഉള്ളിൽ വിനയം വളർത്തിയെടുക്കുക. നിങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ഏത് ഉത്തരവാദിത്തത്തോടും നീതി പുലർത്താൻ ശ്രമിക്കുക. ഈ സേവനം സാധ്യമായ ഏറ്റവും മികച്ച രീതിയിൽ നടത്താൻ നിങ്ങളുടെ എല്ലാ കഴിവുകളും ഉപയോഗിക്കേണ്ടതാണ്. ഈ ചിന്തയുണ്ടെങ്കിൽ, ശരിയായ കാര്യങ്ങൾ ചെയ്യാനുള്ള ചൈതന്യം ഉണ്ടാകുകയും വ്യക്തികളും ജമാഅത്തും സഹകരിക്കുകയും ചെയ്യും. ചില വകുപ്പുകളിൽ ജമാഅത്തംഗങ്ങൾ സഹകരിക്കുന്നില്ലെന്ന് അധികം ഭാരവാഹികളും പരാതിപ്പെടുന്നു. തീർച്ചയായും, സേവിക്കാൻ നിങ്ങൾ സ്വയം തിരഞ്ഞെടുത്തവരുമായി സഹകരിക്കുക എന്നത് വ്യക്തികളുടെ ഉത്തരവാദിത്തം കൂടിയാണ്, എന്നാൽ അതേ സമയം, ജനങ്ങൾക്ക് മുന്നിൽ അവരുടെ മികച്ച മാതൃകകൾ കാണിക്കേണ്ടത് ഭാരവാഹികളുടെ കടമയാണ്.

അതുപോലെ, കൂടുതലായി ഇസ്തിഗ്ഫാർ ചെയ്യുക, അല്ലാഹുവിനെ തസ്ബീഹ് ചെയ്യുക, (മഹത്വപ്പെടുത്തുക) തങ്ങളുടെ അവസ്ഥകൾ വിലയിരുത്തുക എന്നിവ ആവശ്യമാണ്. തർബിയത്ത് സെക്രട്ടറി അഞ്ച് നേരത്തെ നമസ്കാരം നിർവഹിക്കുന്നില്ലെങ്കിൽ, അയാൾക്ക് എങ്ങനെ മറ്റുള്ളവരോട് നമസ്കരിക്കാൻ പറയാൻ കഴിയും? അതുപോലെ, ഒരു ഭാരവാഹി ശരിയായ തോതിൽ ചന്ദഃ നൽകുന്നില്ലെങ്കിൽ, സാമ്പത്തിക ത്യാഗത്തെക്കുറിച്ച് അയാൾ എങ്ങനെ മറ്റുള്ളവരെ ബോധവാന്മാരാക്കും? തർബിയത്ത് സെക്രട്ടറിമാർ അവരുടെ ഉന്നത മാതൃകയിലൂടെ സ്നേഹ വാത്സല്യത്തോടുകൂടി ജമാഅത്തംഗങ്ങളെ തർബിയത്ത് ചെയ്യുകയാണെങ്കിൽ അവർക്ക് വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാൻ കഴിയുന്നതാണ്.

ഓരോ ഭാരവാഹിയും തന്റെ വകുപ്പിന്റെ പുരോഗതിക്കായി ദിവസവും കുറഞ്ഞത് രണ്ട് റക്അത്ത് നഫൽ നമസ്കരിക്കണം. തർബിയത്ത് വിഭാഗം പ്രവർത്തനക്ഷമമായാൽ, മറ്റ് വകുപ്പുകൾ 70% വരെ സ്വയം പ്രവർത്തിക്കാൻ തുടങ്ങുന്നതാണ്.

ശാഖാസംഘടനകളും എല്ലാ തലങ്ങളിലും സ്വയം സജീവമാക്കേണ്ടതുണ്ട്. ഭാരവാഹികൾ സ്റ്റേജിൽ ഇരിക്കാനുള്ളവരല്ല. ഓരോ ഭാരവാഹിയും ഒരു പ്രവർത്തകനായി അവന്റെ ഉത്തരവാദിത്തം നിറവേറ്റണം. സമുദായത്തിന്റെ നേതാവ് സമുദായത്തിന്റെ സേവകനാണ് എന്ന നബി തിരുമേനി(സ)യുടെ വചനത്തെ ഓർക്കേണ്ടതാണ്. ജമാഅത്തംഗങ്ങളുമായി വ്യക്തിബന്ധം സ്ഥാപിക്കുക, അവരുടെ സന്തോഷത്തിലും ദുഃഖത്തിലും പങ്കുചേരുക എന്നതും ആമില മെമ്പർമാരുടെ ജോലിയാണ്. പരസ്പരം അനുകമ്പയും പരിഗണനയും ഉള്ളതാണ് ജമാഅത്ത് സംവിധാനം എന്ന വികാരം ജനങ്ങളിൽ വളർത്തിയെടുക്കുക. ഈ ചിന്തയാണ് നമ്മെ സർവ്വശക്തനായ അല്ലാഹുവിലേക്ക് അടുപ്പിക്കുന്നത്. തങ്ങളുടെ കടമകൾ മനസ്സിലാക്കി പ്രവർത്തിക്കുന്ന ശക്തരായ സഹായകരെ അഹ്മദിയ്യാ ഖിലാഫത്തിന് അല്ലാഹു എപ്പോഴും നൽകുമാറാകട്ടെ.

ആമിലാ മീറ്റിംഗുകളിൽ പങ്കെടുത്ത് അഭിപ്രായം പറഞ്ഞാൽ നമ്മൾ നമ്മുടെ കടമ ചെയ്തുവെന്ന് ആമിലാ മെമ്പർമാർ കരുതുന്നത് മതിയായതല്ല എന്ന് ഓർക്കേണ്ടതാണ്. ആളുകളുടെ പുരോഗതിക്കായി (പദ്ധതികൾ) ആസൂത്രണം ചെയ്യുകയും അത് നടപ്പിലാക്കുകയും ചെയ്യേണ്ടത് വളരെ പ്രധാനമാണ്. ലഭ്യതയും കഴിവും അനുസരിച്ച് ഏറ്റവും മികച്ച നയത്തോടുകൂടി ആളുകളുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുക.

ഇക്കാലത്ത്, വിവാഹബന്ധങ്ങളുടെ മേഖല ഒരു വലിയ വെല്ലുവിളി ഏറ്റെടുത്തിരിക്കുന്നു. അതിനാൽ ഇതിന് വിപുലമായ ആസൂത്രണം ആവശ്യമാണ്. ഇതിനായി ജമാഅത്ത് സംവിധാനങ്ങളും ശാഖാസംഘടനകളും ഒരുമിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇക്കാര്യത്തിലും തർബിയത്ത് വിഭാഗത്തെ സജീവമാക്കേണ്ടത് ആവശ്യമാണ്. നമ്മുടെ യുവാക്കൾക്ക് ശരിയായ രീതിയിൽ തർബിയത്ത് ലഭിച്ചാൽ, സമ്പത്ത്, കുടുംബം, സൗന്ദര്യം എന്നിവയേക്കാൾ ദീൻ പരിഗണിക്കപ്പെടണം എന്ന തിരുനബി(സ)യുടെ നിർദേശത്തെ എപ്പോഴും നമ്മുടെ മുന്നിൽ വെക്കുന്നവരായി നാം മാറുന്നതാണ്.

ഉമൂറെ ആമ വകുപ്പും വളരെ പ്രധാനമാണ്. ഈ വകുപ്പിന്റെ ധർമ്മം ആളുകളെ ശിക്ഷിക്കുകയോ അല്ലെങ്കിൽ ജനങ്ങൾക്ക് കഠിനമായ മുന്നറിയിപ്പ് നൽകുകയോ ആണെന്നാണ് പൊതുവെ മനസ്സിലാക്കുന്നത്. ഈ വകുപ്പിന് ഈ ജോലി മാത്രമല്ല എന്നും, ഇത് ജോലിയുടെ ഒരു ഭാഗം മാത്രമാണെന്നും ഈ രംഗത്ത് പ്രവർത്തിക്കുന്നവർ അറിഞ്ഞിരിക്കണം. എന്തായാലും ശക്തമായ താക്കീത് കൊടുക്കൽ അവരുടെ ജോലിയേയല്ല. (യാതൊരു പരിഹാരവും ഇല്ലാതാകുന്ന) അത്യാവശ്യഘട്ടത്തിൽ മാത്രമാണ് ഇത് ആവശ്യം. അപ്പോഴാണ് ശിക്ഷക്ക് ശുപാർശ ചെയ്യാൻ സാധിക്കുന്നത്.

തർബിയത്ത് വിഭാഗം സജീവമായാൽ ജമാഅത്തംഗങ്ങൾ തമ്മിലുള്ള തർക്കങ്ങളുമായി ബന്ധപ്പെട്ട ഉമൂറെ ആമയിലെ പല പ്രശ്നങ്ങളും താനേ പരിഹരിക്കപ്പെടുന്നതാണ്. ഉമൂറെ ആമയുടെ പ്രവർത്തനം ആളുകളെ ശിക്ഷിക്കുകയല്ല, മറിച്ച് അവരെ ശിക്ഷയിൽ നിന്ന് രക്ഷിക്കുക എന്നതാണ്, ഇതിനായി അവർ സാധ്യമായതെല്ലാം ചെയ്യണം.

ചിലപ്പോൾ ഭാരവാഹികളുടെ പെരുമാറ്റം ജമാഅത്തംഗങ്ങളിൽ ജമാഅത്ത് സംവിധാനത്തിനെതിരെ ദുർഭാവന ഉണ്ടാക്കുന്നു. ഖലീഫയുടെ ഓഫീസിൽ എത്തുന്ന ഓരോ കത്തും തുറന്ന് വായിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുവെന്ന് ജമാഅത്ത് അംഗങ്ങളോട് ഞാൻ പറയട്ടെ. എന്തെങ്കിലും കാലതാമസം ഉണ്ടായാൽ തന്നെ അത് ബന്ധപ്പെട്ട ജമാഅത്തിലായിരിക്കും ഉണ്ടാകുക. അങ്ങനെ ഈ ഭാരവാഹി, ജമാഅത്തിനും ഖലീഫക്കും ഇടയിൽ വിടവ് ഉണ്ടാക്കാൻ കാരണമാകുന്നു.

ദുരിതബാധിതരെ സഹായിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കർത്തവ്യനിർവഹണത്തിൽ കാലതാമസവും അലസതയും കാണിക്കരുതെന്ന് പ്രത്യേകം ഓർക്കണം. ദരിദ്രർക്കും അർഹതപ്പെട്ടവർക്കും തന്റെ വാതിലുകൾ അടയ്ക്കുന്ന ഭാരവാഹിയുടെ ആവശ്യങ്ങൾക്കായി ആകാശത്തുള്ള വാതിലുകൾ അല്ലാഹു അടയ്ക്കുന്നു. എന്ന് തിരുനബി(സ) പറയുകയുണ്ടായി. അതിനാൽ, അത്തരം ചിന്താഗതിയുള്ള ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഓഫീസിൽ അത്തരം ഏതെങ്കിലും പ്രവർത്തകനോ ഉണ്ടെങ്കിൽ അവൻ അല്ലാഹുവിനെ ഭയന്ന്കൊണ്ട് ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ തിടുക്കം കൂട്ടണം. അപേക്ഷ എടുത്ത് മേശവലിപ്പിൽ ഇട്ടിട്ട് ദീർഘകാലം നടപടി എടുക്കാത്തത് വലിയ കുറ്റമാണ്.

തിരുനബി(സ) പറഞ്ഞു: നിങ്ങൾ എവിടെയായിരുന്നാലും അല്ലാഹുവിനെ സൂക്ഷിക്കുക; സൽപെരുമാറ്റത്തോടും ദയയോടും കൂടി ആളുകളോട് പെരുമാറുക.

തിരുനബി(സ) അബൂമൂസയെയും മുആദ് ബിൻ ജബലിനെയും യമനിലെ രണ്ട് വ്യത്യസ്ത ഭാഗങ്ങളുടെ ഗവർണർമാരായി അയച്ചുകൊണ്ട് ഉപദേശിച്ചത്, ബുദ്ധിമുട്ടുകൾ സൃഷ്ടിക്കാതെ എളുപ്പത്തെ സൃഷ്ടിക്കുക. സ്നേഹവും സന്തോഷവും പ്രചരിപ്പിക്കുക, വിദ്വേഷം പ്രചരിക്കാൻ അനുവദിക്കരുത്. ഈ ഉപദേശം എല്ലാ ഉദ്യോഗസ്ഥർക്കും മുമ്പിൽ ഒരു മാർഗനിർദേശ തത്വമായി എപ്പോഴും സൂക്ഷിക്കേണ്ടതാണ്.

അതുകൊണ്ട് നമ്മളിൽ തന്നെ ആത്മീയ സൗന്ദര്യം വളർത്തിയെടുക്കേണ്ടതുണ്ടെന്ന് ഓരോ ഭാരവാഹിയും ഓർക്കണം. അല്ലാഹു നമുക്ക് എല്ലാവർക്കും അതിനുള്ള സൗഭാഗ്യം നൽകട്ടെ.

---

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَآءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarak U.K – on 18.08.2023

Malayalam Translation, Typing & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**